പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>ചോദ്യം നമ്പർ - 4482</u>

<u>28.06.2012-ൽ</u>
<u>മറുപടിയ്ക്ക്</u>

<u>റാന്നി - ബ്ലോക്ക് പടിയിൽ ആരംഭിക്കുന്ന പുതിയ ബൈപാസിന്റെ ഭരണാനുമതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) റാന്നി - ബ്ലോക്ക് പടിയിൽ നിന്ന് ആരംഭിക്കുന്ന പുതിയ ബൈപാസിന്റെ ഭരണാനുമതിക്കായി നൽകിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ ;<br><br>(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ ; | (എ)&(ബി):<br>ജി.ഒ(ആർ.ടി) നം.1045/2009/ പൊ.മ.വ തീയതി 14/07/2009 പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.പണി ചെയ്യുന്നതിനുള്ള സ്ഥലം ലഭ്യമാകാതിരുന്നതിനാൽ പണി തുടങ്ങാൻ കഴിഞ്ഞില്ല. ഇതിന്റെ കാലാവധി 14/07/2011 ൽ അവസാനിച്ചു. പുതുക്കിയ എസ്റ്റിമേറ്റ്ചീഫ് എഞ്ചിനീയറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) അതുമായി ബന്ധപ്പെട്ട ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥയും, അനുമതി വൈകുന്നതിന്റെ കാരണവും വ്യക്തമാക്കുമോ ;<br><br>(ഡി) ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് വ്യക്തമാക്കാമോ ; | (സി)&(ഡി):<br>സ്വകാര്യഭൂമി വിട്ടുകിട്ടുന്നതിനുള്ള തടസ്സം നീക്കേണ്ടതുണ്ട്. വിശദമായ സർവ്വേ നടപടികൾ ആരംഭിക്കുകയും തുടർന്ന് പ്രസ്തുത സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിക്കുന്നതിന് ആവശ്യമായ അതിരുകല്ലുകൾ സ്ഥാപിക്കുന്ന പണികൾ ആരംഭിച്ചുവെങ്കിലും സ്ഥലവാസികളുടെ എതിർപ്പുമൂലം പൂർത്തീകരിച്ചിട്ടില്ല. |

(ഇ) പ്രസ്തുത പ്രവൃത്തിക്ക് റാന്നി വില്ലേജിൽ ഉൾപ്പെടുന്ന ഏതൊക്കെ സർവ്വേ നമ്പരുകളിൽപ്പെടുന്ന എത്ര പേരുടെ ഭൂമിയാണ് ആയതിനായി ഏറ്റെടുക്കേണ്ടി വരിക ; ആയതിനായി പണം നൽകേണ്ടതുണ്ടോ ; വിശദമാക്കുമോ ;

(ഇ)സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വിശദമായ കണക്കുകൾ ലഭ്യമല്ല. ഏറ്റെടുക്കുന്ന ഭൂമിക്ക് പണം നൽകേണ്ടതായി വരും.

(എഫ്) പ്രസ്തുത ആവശ്യത്തിനായി ആളുകൾ ഭൂമി വിട്ടുനൽകുകയുണ്ടായോയെന്ന് വ്യക്തമാക്കാമോ ?

(എഫ്) ഇല്ല. സ്ഥലം അക്വയർ ചെയ്യേണ്ടതായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ